(സി) ഇല്ല.

(ഡി) കർഷകർക്കുണ്ടായ വിളനഷ്ടം കണക്കിലെടുത്താണ് നഷ്ടപരിഹാര തോത് നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായതിന്റെ ഇരട്ടി തുകയാണ് ഇപ്പോൾ നൽകുന്നത്.

വയനാട് ജില്ലയിലെ കൃഷിനാശം

75 [1207] ശ്രീമതി രാധാ രാഘവൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. സി. ജോസഫ്:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ വരൾച്ചമൂലം വയനാട് ജില്ലയിലെ കൃഷിനാശത്തെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) വരൾച്ചമൂലം കൃഷി നഷ്ടപ്പെട്ട കർഷകർക്കുവേണ്ടി ആശ്വാസ നടപടികൾ നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തോത് ഇരട്ടിയായി വർദ്ധിപ്പിച്ചു. വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. നഷ്ടപരിഹാരം ലഭിക്കുന്നതിന് കാർഷിക വരുമാനപരിധി നീക്കം ചെയ്തു. ഭൂപരിധി നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചു.

വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രതിസന്ധി

76 [1208] ശ്രീ. എ. പി. അനിൽകുമാർ:
" കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പി, കുരുമുളക് മുതലായ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു മൂലം വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനു പരിഹാരം കാണുന്നതിനും കർഷകരെ രക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുമോ;

(സി) ഈ ഉൽപ്പന്നങ്ങളുടെ തറവില നിശ്ചയിക്കുവാനും കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം 2002-2003-ൽ കാപ്പി, കുരുമുളക് കർഷകർക്ക് ആശ്വാസ ധനസഹായമായി യഥാക്രമം 6 കോടി, 5 കോടി രൂപ വീതം വകയിരുത്തിയിരുന്നു. കാപ്പി, കുരുമുളക് മുതലായ കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിനും മറ്റു രാജ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് ശ്രീലങ്കൻ ഗവൺമെന്റുമായി ഏർപ്പെട്ട കരാറിന്റെ മറവിൽ ഇറക്കുമതി ചെയ്യുന്നത് തടയാൻ 'സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ' (Certificate of origin) നിർബന്ധമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ തനതായ മലബാർ പെപ്പറിന് പേറ്റന്റ് റൈറ്റ് നേടിത്തരുന്നതിന് നടപടി എടുക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനും പുറമെ മെച്ചപ്പെട്ട കയറ്റുമതി മേഖലകൾ കണ്ടെത്തി ഈ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഈ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കയറ്റുമതി സാധ്യതകൾ കണ്ടെത്തി കർഷകരെ സഹായിക്കുന്നതിനുംവേണ്ടി അഗ്രി-എക്സ്പോർട്ട് സോണുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കാപ്പി, തേയില മേഖലകളിലെ ചെറുകിട കർഷകരെയും കർഷകത്തൊഴിലാളികളേയും സഹായിക്കുന്നതിന് 'ഫുഡ് ഫോർ വർക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുക്കുന്ന ധാന്യത്തിന്റെ വിലയുടെ പകുതി ജോലി കൂലിയുടെ ഭാഗമായി കണക്കാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കാർഷിക ഉൽപ്പന്നങ്ങളുടെ തറവില നിശ്ചയിക്കുന്നതിനും സംഭരണം നടത്തുന്നതും കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന്റെ ശുപാർശകൾപ്രകാരം കേന്ദ്ര സർക്കാരാണ്. കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളിൽ കൊപ്ര, നെല്ല് എന്നിവ പ്രസ്തുത കമ്മീഷന്റെ പരിധിയിൽ വരുമെങ്കിലും നെല്ലിന് സംസ്ഥാനം പ്രത്യേക സംഭരണ പദ്ധതി പ്രകാരം കേന്ദ്ര താങ്ങുവിലയേക്കാൾ മെച്ചപ്പെട്ട വില നൽകി സംഭരണം നടത്തുന്നതിനാൽ ഫലത്തിൽ കൊപ്ര മാത്രമാണ് കേന്ദ്ര താങ്ങുവില പദ്ധതിയിൽപ്പെടുന്നത്. കാപ്പി, കുരുമുളക് എന്നിവയെ കൂടി കേന്ദ്ര താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാം.

LIBRARY ARCHIVES Kerala Legislative Assembly